# ടി ജി സെൻസിറ്റൈസേഷൻ പ്രവർത്തനങ്ങൾ സ്റ്റാർട്ട് അപ്പ് -കൾ / ക്രിയേറ്റീവ് മീഡിയ ഏജൻസികൾ മുഖേന ചെയ്യുന്നതിന് അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള താൽപര്യപത്രം

## 1. ആമുഖം

ട്രാൻസ്ജെൻഡർ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരിക എന്ന ലക്ഷ്യം മുൻനിർത്തി സാമൂഹ്യനീതി വകുപ്പ് നടപ്പാക്കി വരുന്ന ട്രാൻസ്ജെൻഡർ പോളിസിയുടെ ഭാഗമായി വിവിധ ക്ഷേമ പദ്ധതികൾ അവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പൊതു സമൂഹത്തിൽ നേരിടേണ്ടിവരുന്ന അപമാനവും വിവേചനവും കാരണം ട്രാൻസ്ജെൻഡർ വ്യക്തികൾ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിൽ നിന്ന് പുറംതള്ളപ്പെട്ട് ജീവിക്കേണ്ട സാഹചര്യമാണ് പലപ്പോഴും നിലവിലുള്ളത്. ടാൻസ്ജെൻഡർ വ്യക്തികൾ നേരിടുന്ന ഇത്തരം പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നതിനും സേവനങ്ങളുടെ ലഭ്യതയും തുല്യ അവകാശങ്ങളും ഉറപ്പാക്കുന്നതിനായി നിലവിലുള്ള ചിന്തഗതിക്കു മാറ്റം വരുത്തേണ്ടത് ആവശ്യമാണ്. ഇതിനായി വ്യാപകമായ അവബോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത് അനിവാര്യമാണ്. സാമൂഹ്യനീതി വകുപ്പ് മുഖേന അവബോധ പരിപാടികൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ഈ മേഖലയിലെ വിഷയവിദഗ്ധർ, കമ്മ്യൂണിറ്റി അംഗങ്ങൾ എന്നിവരുടെ പങ്കാളിത്തത്തോടെ കണ്ടെന്റ് വർക്ക് ഷോപ്പ് സംഘടിപ്പിച്ചിരുന്നു. പ്രസ്തുത ശില്പശാലയുടെ അടിസ്ഥാനത്തിൽ ലഭ്യമായ ആശയങ്ങൾ ക്രോഡീകരിച്ച് വിവിധ ദൃശ്യ-ശ്രാവ്യ ആവിഷ്കാരങ്ങൾ തയ്യാറാക്കുന്നതിനും, ആയത് വിവിധ മാധ്യമങ്ങൾ (സമൂഹ മാധ്യമങ്ങൾ ഉൾപ്പെടെ) മുഖേന പ്രചരിപ്പിക്കുന്നതിനും സന്നദ്ധരായ സ്ഥാപനങ്ങൾ/ഏജൻസികൾ എന്നിവരിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു.

## 2. ലക്ഷ്യങ്ങൾ

* ട്രാൻസ്ജെൻഡർ സമൂഹം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും അവരോടുള്ള പെരുമാറ്റത്തിൽ സമൂഹം വരുത്തേണ്ട അനുകൂലമായ സമീപനരീതിയെക്കുറിച്ചും ആഴത്തിൽ അവബോധം സൃഷ്ടിക്കുക.

* ട്രാൻസ്ജെൻഡർ വ്യക്തികളുടെ അവകാശ സംരക്ഷണ നിയമം 2019, ചട്ടം 2020. സംസ്ഥാന സർക്കാരിന്റെ ടാൻസ്ജെൻഡർ നയം 2015, സാമൂഹ്യനീതി വകുപ്പ് നടത്തി വരുന്ന ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ സമൂഹത്തിന്റെ അറിവിലേക്ക് എത്തിക്കുക.

* സമൂഹത്തിലും ടാൻസ്ജെൻഡർ വ്യക്തികൾക്കിടയിലും നിലനിൽക്കുന്ന ജെൻഡർ/ സെക്സ് സെക്ഷ്വാലിറ്റി/ ഓറിയന്റേഷൻ എന്നിവയുടെ തെറ്റിധാരണകൾ പരിഹരിക്കുക.

* വ്യക്തികളെ ലിംഗവൈവിധ്യങ്ങൾ, അവസ്ഥ എന്നിവ മനസിലാക്കുന്നതിനും കൂടുതൽ സഹവർത്തിത്വ ബോധത്തോടെ മുന്നോട്ട് പോകുന്നതിനും സമൂഹത്തെ സജ്ജമാക്കുക.

* ടാൻസ്ജെൻഡർ ശരീരം, ശസ്ത്രക്രിയ എന്നിവ സംബന്ധിച്ച മിഥ്യാധാരണകൾ ഒഴിവാക്കി ട്രാൻസ്ജെൻഡർ വ്യക്തികളിൽ തന്നെ അടിസ്ഥാന അവബോധം സൃഷ്ടിക്കുക.

## 3. മാനദണ്ഡങ്ങൾ

* പ്രസ്തുത അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് ദൃശ്യ-ശ്രാവ്യ, പ്രിന്റിംഗ് മാധ്യമങ്ങൾക്കായി

വീഡിയോ, ആഡിയോ എന്നിവ നിർമ്മിച്ച് പരിചയ സമ്പത്തുണ്ടായിരിക്കണം.

* അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനത്തിന് LGBTQIA+ മേഖലകളിൽ പ്രവർത്തന പരിചയം അഭികാമ്യം ആയിരിക്കുന്നതാണ്. കൂടാതെ ഈ വിഷയങ്ങൾ സംബന്ധിച്ച ചെയ്യേണ്ടതായ ദൃശ്യ-ശ്രാവ്യ ആവിഷ്കാരങ്ങൾ സമൂഹത്തിന്റെ കാഴ്ച്ചപ്പാടിനെ എങ്ങനെ പൂർണ്ണമായി രൂപപ്പെടുത്തേണ്ടതെന്നും വ്യക്തമായ കാഴ്ച്ചപ്പാട് ഉണ്ടാകേണ്ടതാണ്.

* സർക്കാർ, അർദ്ധ- സർക്കാർ, സർക്കാർ എംപാനൽഡ് സ്വകാര്യ സ്ഥാപനങ്ങൾ, സ്റ്റാർട്ട് അപ്പ് എന്നിവർക്ക് പ്രസ്തുത താൽപര്യപത്രം പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണ്. അപേക്ഷൻ/ അപേക്ഷ ഒരു കാരണവശാലും ഒരു വ്യക്തിയാകുവാൻ പാടുള്ളതല്ല.

* താൽപര്യപത്രം സമർപ്പിക്കുന്ന സമയത്ത് സ്ഥാപനത്തിന്റെ കൃത്യമായ വിശദാംശങ്ങൾ നിർദ്ദിഷ്ട മാതൃകയിൽ ഉള്ളടക്കം ചെയ്യേണ്ടതാണ്. ആയത് സംബന്ധിച്ച് പിന്നീടുള്ള കൂട്ടിചേർക്കലുകൾ, ഉള്ളടക്കത്തിൽ സൂഷ്മീകരിക്കാത്ത ഘടകങ്ങൾ എന്നിവ പരിഗണിക്കാൻ സാധിക്കുന്നതല്ല.

* തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനം വകുപ്പുമായി ധാരണാപത്രം ഒപ്പുവെക്കേണ്ടതാണ്.

* കണ്ടെന്റ് നിർമ്മാണത്തിന് ടെക്ക്നിക്കൽ കമ്മിറ്റി നിർദ്ദേശിക്കുന്ന സമയപരിധിബാധകമായിരിക്കുന്നതാണ്.

* കണ്ടെന്റ് വർക്ക് ഷോപ്പ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ ആശയങ്ങൾ മുൻ നിർത്തി നിർമ്മിച്ച ദൃശ്യ-ശ്രാവ്യ ആവിഷ്ക്കാരങ്ങൾ വിവിധ സമൂഹ മാധ്യമങ്ങൾക്ക്യോജിക്കുന്നതും ആവശ്യമായ മാറ്റങ്ങൾക്ക് വിധേയമാക്കാവുന്ന രീതിയിലും ആയിരിക്കണം നിർമ്മിക്കേണ്ടത്. ആയതു സംബന്ധിച്ച് അവസാനഘട്ട തീരുമാനങ്ങൾ ഡയറക്റ്ററ്റ് തലത്തിൽ രൂപീകരിച്ചിട്ടുള്ള ടെക്ലിക്കൽ കമ്മിറ്റിയുടേത് ആയിരിക്കും.

**4 താൽപര്യപത്രം സമർപ്പിക്കുന്ന സ്ഥാപനത്തിന് ഉണ്ടായിരിക്കേണ്ട യോഗ്യത മാനദണ്ഡങ്ങൾ.**

* ദൃശ്യശ്രാവ്യ ആവിഷ്കാരങ്ങൾ നിർമ്മിക്കുന്ന മേഖലയിൽ സുദീർഘമായ പ്രവർത്തി പരിചയം ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ പ്രസ്തുത മേഖലയിൽ കുറഞ്ഞത് 2 മുതൽ 5 വർഷ കാലയളവ് പ്രവർത്തിപരിചയം ഉണ്ടായിരിക്കണം.

* താൽപര്യപത്രം സമർപ്പിക്കുന്ന സ്ഥാപനത്തിന് മതിയായ അംഗീകാരം ഉണ്ടായിരിക്കേണ്ടതാണ്.

*അതോടൊപ്പം പ്രസ്തുത ദൃശ്യ-ശ്രാവ്യ കണ്ടന്റുകൾ നിർദ്ദേശിക്കുന്ന സമയപരിധിക്ക് ഉള്ളിൽ തന്നെ നിർമ്മിച്ച സമർപ്പിക്കേണ്ടതാണ്.

* സർക്കാർ / സർക്കാർ സ്ഥാപനങ്ങൾ ബ്ലാക്ക് ലിസ്റ്റ് ചെയ്യപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിക്കാൻ പാടുള്ളതല്ല.

**5. തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾ/ ഏജൻസികൾ. സ്റ്റാർട്ട് അപ്പുകൾ എന്നിവയുടെ ചുമതലകൾ.**

* ഓരോ മാധ്യമത്തിനും അനുയോജ്യമായ രീതിയിൽ പരസ്യങ്ങൾ തയ്യാറാക്കേണ്ടതാണ്. പ്രിന്റഡ് മാതൃകകൾ - 10, പോസ്റ്ററുകൾ -07, ഷോർട്ട് വീഡിയോകൾ - 04, വീഡിയോ - 04 , ആഡിയോ - 05 എന്നിവ നിർദിഷ്ട രീതിയിൽ തയ്യാറാക്കുക. ഇതിനായി ശില്പശാല നടത്തി ശേഖരിച്ചിട്ടുള്ള ആശയങ്ങൾ ലഭ്യമാക്കുന്നതാണ്.

* തയ്യാറാക്കുന്ന പരസ്യങ്ങൾ, പ്രിന്റഡ് മാതൃകകൾ, ആഡിയോ, വീഡിയോ മുതലായവ കെഎസ്

ആർടി സി ബസ്സുകൾ, ട്രെയിൻ, റെയിൽവേ സ്റ്റേഷൻ, ബസ്സ് സ്റ്റാന്റുകൾ, വിവിധ സർക്കാർ സ്ഥാപനങ്ങൾ/ ഇതര സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം പ്രദർശിപ്പിക്കുക, വിതരണം നടത്തുക, വിവിധ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുക.

**6. വീഡിയോ/ ഷോർട്ട് വീഡിയോ കണ്ടന്റ്കൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ**

* ദൃശ്യ ആവിഷ്കാരങ്ങളാകുന്ന വീഡിയോ/ ഷോർട്ട് വീഡിയോ എന്നിവ നിർമ്മിക്കുമ്പോൾ വീഡിയോ വിഭാഗത്തിൽ 75 മുതൽ 90 സെക്കന്റ് വരെ സമയദൈർഘ്യമുള്ളതും, ഷോർട്ട് വീഡിയോ വിഭാഗത്തിൽ തയ്യാറാക്കുന്ന കണ്ടന്റുകൾ 30 മുതൽ 60 സെക്കന്റ് വരെയുള്ള സമയദൈർഘ്യമുള്ളതുമായിരിക്കണം.

* വീഡിയോ/ ഷോർട്ട് വീഡിയോ എന്നിവ നിർമ്മിക്കുമ്പോൾ യൂണിവേർസൽ പോസ്റ്റ് അളവ് അടിസ്ഥാനമാക്കി വേണം. വിവിധ പ്ലാറ്റ്ഫോമുകൾക്കായുള്ള വീഡിയോകൾ (1920*1080 പിക്സൽ), ഷോർട്ട് വീഡിയോകൾ (108o*1920) - വീതി" "ഉയരം എന്ന മാനദണ്ഡത്തിലായിരിക്കണം നിർമ്മിക്കേണ്ടത്.

**7. തെരഞ്ഞെടുക്കൽ നടപടിക്രമങ്ങൾ**

* സാമൂഹ്യനീതി ഡയറക്ടറേറ്റ് തലത്തിൽ ഡയറക്ടർ അധ്യക്ഷനായി നിലവിലുള്ള ടെക്നിക്കൽ കമ്മിറ്റി ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് ഏജൻസി/സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നതാണ്. പ്രസ്തുത ടെക്നിക്കൽ കമ്മിറ്റിയിൽ മേഖല വിദഗ്ദർ ആയ രണ്ടു പേരെ കൂടി ഉൾപ്പെടുത്തുന്നതാണ്.

8. മൂല്യനിർണ്ണയത്തിനുള്ള മാനദണ്ഡങ്ങൾ

* പ്രസ്തുത മാതൃകയിൽ സമർപ്പിച്ചിരിക്കുന്ന അപേക്ഷയുടെ വിശദാംശങ്ങൾ പരിശോധനക്ക് വിധേയമാക്കി മുൻകൂട്ടി നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള അപേക്ഷകൾ സ്വീകരിക്കുന്നതാണ്. മാനദണ്ഡങ്ങൾ പാലിക്കാത്ത പക്ഷം മുൻ അറിയിപ്പുകൾ ഇല്ലാതെ തന്നെ അപേക്ഷ നിരസ്സിക്കുന്നതാണ്.

**9. ടെക്നിക്കൽ മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ**

Annexure - II പ്രകാരം അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ സാങ്കേതിക വൈദഗ്ദ്ധ്യം, മറ്റു സവിശേഷ മികവുകൾ എന്നിവ വിലയിരുത്തി ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾ മാർക്ക് നിശ്ചയിക്കുന്നതാണ്. ആകെ 100 മാർക്കിൽ ഏറ്റവും ഉയർന്ന മാർക്ക് നേടുന്ന സ്ഥാപനം/ ഏജൻസി/ സ്റ്റാർട്ട് അപ്പ് എന്നിവരെ തെരഞ്ഞെടുക്കുന്നതാണ്. മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ പൂർത്തികരിക്കുന്ന യോഗ്യരായ അപേക്ഷകരെ മാത്രമേ പ്രസ്തുത ടെക്നിക്കൽ കമ്മിറ്റി പരിഗണിക്കുകയുള്ളൂ. ടെക്നിക്കൽ കമ്മിറ്റി മുഖേന പരിശോധനയ്ക്ക് വിധേയമായ അപേക്ഷകൾക്ക് ലഭ്യമായ മാർക്കിന്റെ അടിസ്ഥാനത്തിൽ യോഗ്യത പട്ടിക തയ്യാറാക്കുന്നതാണ്.

മാർക്ക് സംബന്ധിച്ച വിവരങ്ങൾ

| ക്രമ.നം | വിഭാഗം | പ്രധാന മാനദണ്ഡത്തിന്റെ മാർക്ക് | ഉപ മാനദണ്ഡത്തിന്റെമാർക്ക് |
|---|---|---|---|
| 1 | സ്ഥാപനം/ ഏജൻസി? സ്റ്റാർട്ട് അ 20 മേധാവിയുടെ IEC | 20 | |

| | | | |
|---|---|---|---|
| | നിർമ്മാണത്തിലെ പരിചയ സമ്പത്ത് | | |
| 2 | 2 മുതൽ 5 വർഷം ( കുറഞ്ഞത് 2 10 മുതൽ 3 വർഷത്തെ പ്രവർത്തി പരിചയം 2020- 2023 ഉണ്ടായിരിക്കണം ) | | 10 |
| 3 | കൂടുതൽ വർഷത്തെ പ്രവർത്തി പരിചയം ഉള്ളവർക്ക് ( 2 - മാർക്ക് അധികം ഉണ്ടായിരിക്കുന്നതാണ്. ഇത് രണ്ടു മുതൽ 10 മാർക്ക് വരെ നൽകാവുന്നതാണ്) | | 10 |
| 4 | സ്ഥാപനം/ ഏജൻസി/ സ്റ്റാർട്ട്20 അപ്പ് മുൻപ് സംസ്ഥാന സർക്കാർ? അർദ്ധ സർക്കാർ; സർക്കാർ മേൽനോട്ടം വഹിക്കുന്ന സ്ഥാപനങ്ങൾ / ഇതര സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ എന്നിവർ! നൽകിയ കരാറുകളുടെ പ്രവർത്തങ്ങൾ പൂർത്തികരിച്ചിട്ടുണ്ടോ? | 20 | |
| 5 | സ്ഥാപനത്തിന്റെ പ്രവർത്തന മേഖല 5 പരിധി<br><br>ദേശീയം<br><br>അന്തർ ദേശീയം | | 5<br><br>5 |
| 6 | പ്രസ്തുത IEC മെറ്റീരിയലുകൾ 10 തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യം, ലക്ഷ്യമിടുന്ന ജന വിഭാഗം എന്നിവ സംബ ന്ധിച്ച അവബോധം ഉണ്ടോ? ദൃശ്യ സാങ്കേതിക മാധ്യമ ങ്ങളിൽ ഉള്ള പരിചയ സമ്പത്ത് ? | | 10 |
| 7 | സാമൂഹ്യ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്ന വീഡിയോ? ഓഡിയോ/ ശബ്ദ മാതൃകകൾ എന്നിവ കൂടുതൽ, പ്രചരിപ്പിക്കുന്നതിനായുള്ള മാർഗ്ഗങ്ങൾ; ലക്ഷ്യം എന്നിവ സംബന്ധിച്ച അവബോധം | | 5 |
| 8 | നവ മാധ്യമങ്ങളിൽ തയ്യാറാക്കിയ വീഡിയോ/ ഓഡിയോ/ ശബ്ദ മാതൃകകൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിനായി ചെയ്യാൻ കഴിയുന്ന ക്യാമ്പനുകൾ എന്നിവയുടെ അവബോധം | | 5 |
| 9 | സമൂഹ്യമാധമങ്ങളിൽ 5 അച്ചടി മാതൃകകളുടെ പ്രചരണം, ആളുകളുടെ സ്വീകാര്യത, പ്രസ്തുത നിർമ്മിതികളുടെ നിയന്ത്രണം, കൂടുതൽ ആളുകളിലേക്ക് എത്തിക്കൽ, ഓൺലൈൻ | | 5 |

| | | | |
|---|---|---|---|
| | പരസ്യങ്ങൾ? | | |
| 10 | അവതരണം(ആവശ്യമാകയാൽ) 5 അല്ലാത്ത പക്ഷം 5 മാർക്ക് മറ്റ വിഭാഗത്തിലേക്ക് ലയിപ്പിക്കാവുന്നതാണ്. | | 5 |
| | ആകെ ലഭിക്കുന്ന മാർക്ക് | 100 | |

പ്രസ്തുത സ്ഥാപനത്തിനു ലഭ്യമായിട്ടുള്ള വർക്ക് ഓർഡർ/ അവാർഡ്/ സർട്ടിഫിക്കറ്റ് (ഏതെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ അവയുടെ ഗുണഭോക്താക്കൾ അപ്പ്രൂവ് ചെയ്യിട്ടുള്ളവ) സമർപ്പിക്കേണ്ടതാണ്. മാർക്ക് സംബന്ധിച്ച വിവരങ്ങളുടെ വിഭാഗത്തിൽ ക്രമ നമ്പർ 01, 02 ,03 ആയി ഉൾപ്പെട്ടിട്ടുള്ളവയുടെ വിശദാംശങ്ങളുടെ പകർ പ്പുകൾ പ്രസ്തുത സ്ഥാപനത്തിലെ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതുമാണ്.

**<u>10. ഇ.ഒ.ഐ സമർപ്പിക്കേണ്ട അവസാന തീയതി</u>**

താല്പര്യപത്രം 2026 ഫെബ്രുവരി 28 ന് മുൻപായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിൽ തപാൽ മുഖേന സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് വകുപ്പിന്റെ വെബ് സ്റ്റ് സന്ദർശിക്കാവുന്നതാണ്.

**<u>11. അപേക്ഷ ഫോം മാതൃക</u>**

ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു

സാമൂഹ്യ നീതി ഡയറക്ടർ

Digitally signed by
ARUN S NAIR
Date: 20-02-2026
14:39:42

കേരള സർക്കാർ

സാമൂഹ്യനീതി വകുപ്പ്

<u>അപേക്ഷ ഫോം</u>

| നം | ഇനം | വിശദാംശങ്ങൾ |
|---|---|---|
| 1. | പേര്: | |
| 2. | സ്ഥാപനം ആരംഭിച്ച വർഷം: | |
| 3. | രജിസ്ട്രേഷൻ നടത്തിയിട്ടുള്ള സ്ഥാപനത്തിന്റെ മേൽവിലാസം : | |
| 4. | തിരുവനന്തപുരത്ത് സ്ഥാപനം ഉണ്ടെങ്കിൽ ആയതിന്റെ മേൽവിലാസം: | |
| 5. | ബ്രാഞ്ചുകൾ/ അസോസിയേറ്റ്സ് എന്നിവ മറ്റുള്ള ജില്ലകളിൽ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ : | |
| 6. | പ്രൊപോസൽ സമർപ്പിക്കുന്ന സ്ഥാപനത്തിന്റെ നിയമപരമായ പദവി : (പ്രോപ്രൈറ്റർ/പാർട്ട്നർ/പ്രൈവറ്റ് ലിമിറ്റഡ്/ പബ്ലിക് ലിമിറ്റഡ്) | |
| 7. | കമ്പനിയുടെ പൂർണ്ണമായ വിശദാംശങ്ങൾ : | |
| 8. | സേവന നികുതി രജിസ്ട്രേഷൻ ( എൻക്ലോഷർ കോപ്പി ) : | |
| 9. | പാൻ കാർഡ് നം. ( എൻക്ലോഷർ കോപ്പി) : | |
| 10. | CEO/ സ്ഥാപന മേധാവി/ ഡീൻ - ബന്ധപ്പെടുന്നതിനുള്ള വിശദാംശങ്ങൾ (പേര്, മേൽവിലാസം, ഫോൺ നം.,ഇ-മെയിൽ, മൊബൈൽ നം. ) എന്നിവ : | |
| 11. | പ്രവർത്തി പരിചയം ( ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ) : | |
| 12. | നൈപുണ്യ വികസനവും പരിശീലനവും കോർപ്പറേറ്റ് കമ്മ്യൂണിക്കേഷനും : | |
| 13. | ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ & വകുപ്പിനായി ഉദ്ദേശിക്കുന്ന IEC പ്ലാൻ ( **വിശദമായ വിവരങ്ങൾ**) | |

<u>പ്രസ്താവന</u>

ഈ അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും ബോധ്യത്തിലും യഥാർത്ഥവും കൃത്യവും ആണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തി കൊള്ളുന്നു.

മേധാവിയുടെ ഒപ്പ്

പ്രൊപ്പോസൽ സമർപ്പിക്കുന്ന വ്യക്തിയുടെ പേര് & ഒപ്പ്